# 72. പൂച്ച

സർക്കസ്സിൽ പലതരം മൃഗങ്ങളുടെ, അഭ്യാസങ്ങൾ കണ്ടിട്ടുണ്ട്. മൃഗരാജന്മാരെന്നു കരുതപ്പെടുന്ന സിംഹങ്ങൾ മിക്കവാറും ഉറക്കംതൂങ്ങികളായിട്ടാണ് സർക്കസ്സ് വേദികളിൽ പ്രത്യക്ഷപ്പെടാറ്. എന്തോ; മയക്കമരുന്നു കൊടുത്ത് അവയെ വീര്യം കെടുത്തി ഇട്ടിരിക്കുകയാണെന്നേ തോന്നൂ. സിംഹങ്ങളേക്കാൾ ഉശിര് സർക്കസ്സ് രംഗത്ത് പുലികൾ പ്രദർശിപ്പിക്കാറുണ്ട്. സുന്ദരവനത്തിലെ തെരഞ്ഞാലവരിയൻപുലികൾക്കാണ് സിംഹങ്ങളേക്കാൾ ഗാംഭീര്യവും സൗന്ദര്യവും ഊർജ്ജസ്വലതയും മൃഗരാജപദവിക്ക് അർഹതയും എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. വരിയൻപുലികളേക്കാൾ ആപത്ക്കാരികളാണത്രേ, താരതമ്യേന ചെറിയ, പുള്ളിപ്പുലികൾ. ഏറ്റവും അധികം അപകടകാരൻ എന്നു കരുതപ്പെടുന്ന കരിമ്പുലിയും സർക്കസ്സ് രംഗങ്ങളിൽ പ്രകടനങ്ങൾ നടത്തുന്നതു കണ്ടിട്ടുണ്ട്.

ആനകളുടെ സർക്കസ്സ് പ്രകടനം വിരസമായേ എനിക്കു തോന്നിയിട്ടുള്ളു. അവ പിണ്ഡമിട്ട് അരങ്ങു മുഴുവൻ വൃത്തികേടാക്കുകയും ചെയ്യും. നേരെ മറിച്ചാണ് കുതിരകളുടെ സ്ഥിതി. റഷ്യയിലെ കസാക്കിസ്ഥാനിലുള്ള സർക്കസ്സ് അഭ്യാസികളുടെ 'അശ്വാരോഹണ വിദ്യാചതുരത' പോലെ അന്തസ്സും ആഭിജാത്യവും മുറ്റിയ മറ്റൊരു സർക്കസ്സ് പ്രകടനവും ഞാൻ കണ്ടിട്ടില്ല. സാധനങ്ങൾ എണ്ണുക, സംഖ്യകൾ കൂട്ടുക, കിഴിക്കുക, ഗുണിക്കുക മുതലായ ഗണിതപ്രക്രിയകൾ നിർവ്വഹിക്കുന്ന കുതിരകളെയും നിങ്ങളിൽ പലരും സർക്കസ്സുകളിൽ കണ്ടിരിക്കും. അതൊക്കെ വെറും തട്ടിപ്പാവാനേ വഴിയുള്ളു എന്നായിരുന്നു എന്റെ തോന്നൽ; ബുദ്ധിയുള്ളതെങ്കിലും കുതിരയും ഒരു മൃഗമല്ലേ? '

ഒട്ടകങ്ങൾ സർക്കസ്സ് വേദികളിൽ, പരേഡുകളിലും മറ്റും പ്രത്യക്ഷപ്പെട്ടു കണ്ടിട്ടുണ്ട്. വലിയ അഭ്യാസങ്ങളൊന്നും അവ കാണിച്ചതായി അറിവില്ല. കാള, ആട് മുതലായ വളർത്തുമൃഗങ്ങളുടെ സ്ഥിതിയും അതു തന്നെ. പലതരം കുരങ്ങന്മാർ—ചിമ്പാൻസി മുതൽ നമ്മുടെ 'രാമൻ'—വരെ സക്സ്സ്‌രംഗത്ത് പ്രദർശിപ്പിക്കപ്പെടാറുണ്ട്. ചിമ്പാൻസി സൈക്കിൾ ചവിട്ടും; കരടിയും അതു ചെയ്യും. ഒറ്റച്ചക്രമുള്ള ഒരു കൊച്ചു സൈക്കിൾ ചവിട്ടുന്ന ഒരു തത്തയേയും കണ്ടിട്ടുള്ളതായി ഞാൻ ഓർമ്മിക്കുന്നു.

സർക്കസ്സുകളിൽ നായ്ക്കൾ മനോഹരങ്ങളായ പ്രകടനങ്ങൾ കാഴ്ചവെക്കാറുണ്ട്. സർക്കസ്സിലല്ലാതെ, ശ്വാനപ്രദർശനങ്ങളിലുമുണ്ടാകാറുണ്ട് ഇത്തരം അഭ്യാസപ്രകടനങ്ങൾ. വളർത്തുമൃഗങ്ങളിൽ ഏറ്റവുമധികം ബുദ്ധിശക്തി പ്രദർശിപ്പിക്കാറുള്ളത് നായയാണെന്നു തോന്നുന്നു. ആനയ്ക്കു മൂന്നുവയസ്സായ ഒരു മനുഷ്യക്കുട്ടിയുടെ ബുദ്ധിശക്തിയേ ഉള്ളൂ എന്ന് എന്റെ സുഹൃത്തായിരുന്ന ഒരു ആനക്കാരൻ എന്നോടു പറഞ്ഞിരുന്നു. ആ സുഹൃത്തിന് അത്രപോലും ബുദ്ധിശക്തി ഇല്ലായിരുന്നു എന്ന്, പിന്നീട് അദ്ദേഹത്തെ ആന കുത്തിയും ചവിട്ടിയും കൊന്നപ്പോൾ, എനിക്കു തോന്നി.

സർക്കസ്സിലെ മൃഗപ്രദർശനങ്ങളിൽ ഏറ്റവും ആകർഷകമായി എനിക്കു തോന്നിയിട്ടുള്ളത് ലെനിൻഗ്രാഡിൽവെച്ചു കണ്ട സീൽമത്സ്യങ്ങളുടെ കളികൾ ആണ്. കളിക്കുമുമ്പ് രംഗം സ്റ്റെയ്ൻലെസ് സ്റ്റീൽ ഉപകരണങ്ങളും വെളുത്ത പ്ലാസ്റ്റിക് വിരികളും മറ്റും ഉപയോഗിച്ച്

ഐസ് പരത്തിയ ഒരു സ്കേറ്റിങ്ങ്റിങ്ക്പോലെ ആക്കിയിരുന്നു. ഈ റിങ്കിൽ സീൽമത്സ്യങ്ങൾ മത്സ്യകന്യകകൾപോലെ ശരിക്കുമൊരു ബാലേനൃത്തംതന്നെ നടത്തി. അത്ഭുതാവഹമായിരുന്നു ആ നൃത്തം. നൃത്തം കഴിഞ്ഞ് കാഴ്ചക്കാരായ ഞങ്ങൾ കൈകൊട്ടുമ്പോൾ സീൽമത്സ്യങ്ങൾ പാതി നിവർന്നുനിന്ന് ഫ്ളാപ്പുകൾ കൊട്ടി അഭിവാദ്യം സ്വീകരിക്കുന്ന കാഴ്ച ഒരിക്കലും മറക്കാത്ത ഒന്നാണ്.

പൂച്ചയെ സർക്കസ്സ് വേദിയിൽ കണ്ടിട്ടുണ്ടോ? അതിനെപ്പറ്റി ആലോചിച്ചപ്പോഴാണ് മുകളിൽ വിവരിച്ച ചിന്തകൾ മനസ്സിൽ തിക്കിത്തിരക്കി കയറിവന്നത്. എത്രയോ വർഷം സർക്കസ്സ് കമ്പം പുലർത്തിയിരുന്ന, പല രാജ്യക്കാരുടേയും സർക്കസ്സുകൾ കണ്ടിട്ടുള്ള, ഞാൻ ഒരു പൂച്ചയുടെ സർക്കസ്സ് അഭ്യാസം എവിടെയെങ്കിലും കണ്ടതായി ഓർമ്മിക്കുന്നില്ല. നിങ്ങളും അതു കണ്ടിരിക്കയില്ല.

നായയും പൂച്ചയുമാണ് മനുഷ്യനുമായി ആദ്യം ഇണങ്ങിയ രണ്ടു കാട്ടുമൃഗങ്ങൾ എന്നു കരുതപ്പെടുന്നു. നായ മനുഷ്യന്റെ അടിമയായി മാറിയപ്പോൾ, പൂച്ച മനുഷ്യനെ തന്റെ അടിമയാക്കി മാറ്റുകയാണ് ചെയ്തത്. സ്വന്തം സുഖസൗകര്യങ്ങളല്ലാതെ പൂച്ച ഒരിക്കലും തന്നെ വളർത്തുന്ന മനുഷ്യന്റെ സുഖസൗകര്യങ്ങൾ പരിഗണിക്കാറില്ല. എലിയെ പിടിക്കാനായിരിക്കണം പൂച്ചയെ നിങ്ങൾ വളർത്തുന്നത്; പക്ഷേ, നിങ്ങളുടെ കുട്ടികൾക്ക് അവകാശപ്പെട്ട, വിലയേറിയ, പാലിലാണ് പൂച്ചയുടെ നോട്ടം.

> ഉത്സാഹി കാര്യം നേടുന്നു:
> ദൃഷ്ടാന്തം പൂച്ചയാണിതിൽ;
> പശുവില്ലെങ്കിലും പൂച്ച
> പാൽ കുടിക്കുന്നു നിത്യവും

എന്ന പദ്യത്തിൽ പറയുന്ന ഉത്സാഹവും, അതിൽ പറയാത്ത കൗശലവും, പൂച്ചയ്ക്ക് ജന്മസിദ്ധമാണ്. 'പൂച്ച നാലു കാലും കുത്തിയേ നിലത്തു വീഴൂ' എന്നു പറയാറുള്ളത് അതിന്റെ കൗശലത്തെ ഉന്നംവെച്ചാണ്. 'അനങ്ങാപ്പൂച്ച കലമുടയ്ക്കും' എന്ന പഴമൊഴി പൂച്ചയുടെ സ്വാർത്ഥപരതയെ ഉദാഹരിക്കുന്നു.

പൂച്ചയെ സർക്കസ്സിൽ ഉപയോഗിക്കാൻ സാധിക്കാത്തത്, മനുഷ്യനെ അനുകരിക്കാനോ അനുസരിക്കാനോ അതു് തയ്യാറല്ലാത്തതുകൊണ്ടാണ്. പക്ഷേ, വേണമെങ്കിൽ പൂച്ചകൾക്ക് മനുഷ്യരുടെ മിക്ക പ്രവൃത്തികളും അനുകരിക്കാൻ കഴിയുമെന്ന്, ഈയിടെ അമേരിക്കയിലെ യു. പി. ഐ. എന്ന വാർത്താ ഏജൻസിയുടെ ഒരു സന്ദേശം ഇന്ത്യൻ പത്രങ്ങളിൽ ഉദ്ധരിച്ചു ചേർത്തിരുന്നതിൽനിന്നു മനസ്സിലാവുന്നു. നവംബർ 14–ാം തീയതി ന്യൂയോർക്കിൽനിന്ന് അയച്ച ഈ സന്ദേശത്തിൽ കാണുന്നത്, ടെലിഫോണിലൂടെ വരുന്ന സംഭാഷണങ്ങൾ ശ്രദ്ധിച്ചു മറുപടി നൽകുക, ശൗചാലയത്തിലെ ഫ്ളഷ് പ്രവർത്തിപ്പിച്ചു കമോഡ് വൃത്തിയാക്കുക, വൈദ്യുതോപകരണം ഉപയോഗിച്ചു ടിന്നുകൾ തുറക്കുക മുതലായ പ്രവൃത്തികൾ മനുഷ്യരെ അനുകരിച്ചു ചെയ്യുവാനുള്ള ബുദ്ധിയും മിടുക്കും പൂച്ചകൾക്കുണ്ടെന്നാണ്.

'മാക്കാൾസ്' എന്ന പ്രസിദ്ധ മാസികയുടെ പ്രസിദ്ധീകരിക്കാനിരിക്കുന്ന ഡിസംബർ 1985 ലക്കത്തിൽ 'ഹ്യൂമൻ സൊസൈററി' എന്ന സംഘടനയുടെ 'സയന്റിഫിക് ഡയറക്ടർ' ആയ മൈക്കൽ ഫോക്സ് എഴുതിയ ഒരു ലേഖനമാണ് പൂച്ചയുടെ ഈ കഴിവുകളിലേക്കു വെളിച്ചം വീശുന്നതെന്ന് യു. പി. ഐ. സന്ദേശം പറയുന്നു. മനുഷ്യർ ചെയ്യുന്ന പ്രവൃത്തികൾ പൂച്ചകൾ ശ്രദ്ധിച്ചു നിരീക്ഷിക്കുകയും, അവയുടെ അർത്ഥം

മനസ്സിലാക്കുകയും, തങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽ ആ പ്രവൃത്തികൾ സ്വയം അനുഷ്ഠിക്കുകയുംചെയ്യുമെന്ന് പല പൂച്ചവളർത്തുകാരും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി മി. ഫോക്സ് ആ ലേഖനത്തിൽ പ്രസ്താവിക്കുന്നുണ്ട്.

മി. ഫോക്സിന് നേരിട്ടറിയാവുന്ന ഒരു പൂച്ച, അതിനു പാട്ടു കേൾക്കണമെന്നു തോന്നുമ്പോൾ, എണീററുചെന്ന് റേഡിയോ ഓൺ ചെയ്യാറുണ്ടത്രേ. വിശക്കുമ്പോൾ അത് ഭക്ഷ്യവസ്തു അടങ്ങിയ ടിൻ എടുത്തുകൊണ്ടുവന്ന്, ഒരു വൈദ്യുത—ക്യാൻ—ഓപ്പനർ പ്രവർത്തിപ്പിച്ച് അതു തുറന്ന്, ഭക്ഷണം എടുത്തുകഴിക്കും.

വൈദ്യുതവിളക്കുകൾ കൊളുത്തുകയും, കമോഡിന്റെ ഫ്ളഷ് പ്രവർത്തിപ്പിക്കുകയുംചെയ്യുന്ന പൂച്ചകളെപ്പററി താൻ കേട്ടിട്ടുണ്ടെന്ന് മി. ഫോക്സ് തുടരുന്നു. ടെലിഫോൺ മണി അടിക്കാൻ തുടങ്ങിയാൽ, ക്രേഡിലിൽനിന്ന് റിസീവർ തട്ടി താഴത്തിട്ട് സംഭാഷണം കേൾക്കുകയും, 'മ്യാവൂ, മ്യാവൂ' എന്ന് ഉത്തരം പറയുകയുംചെയ്യുന്ന ഒരു പൂച്ചയെപ്പററിയും മി. ഫോക്സിന് അറിയാം.

പൂച്ചയോടു സംസാരിച്ചാൽ അതിന് കാര്യം മനസ്സിലാവുമെന്നും മി. ഫോക്സ് പറയുന്നു. സബ്രീന എന്ന ഒരു കറുത്തിപ്പൂച്ചയ്ക്ക് ഒരു മുറിവു പററി; അതു പഴുത്തു. പൂച്ചയുടെ ഉടമ അതിന് ആൻറിബയോട്ടിക് മരുന്നടങ്ങിയ ഒരു വലിയ ക്യാപ്സ്യൂൾ തിന്നാൻ കൊടുത്തു. സബ്രീന മരുന്നു കഴിക്കാൻ കൂട്ടാക്കിയില്ല.

ഉടമ (ഒരു സ്ത്രീ ആയിരിക്കണം) മി. ഫോക്സിന് ഒരു കത്തിൽ എഴുതിയിരിക്കുകയാണ്: 'മരുന്നു കഴിക്കുന്നതിന്റെ പ്രാധാന്യം ഞാൻ സബ്രീനയ്ക്ക് വിവരിച്ചുകൊടുത്തു. അതു പറയുമ്പോൾ എന്റെ കണ്ണിൽ കണ്ണുനീർ നിറഞ്ഞിരുന്നു. സബ്രീന അവളുടെ വലിയ, ഗൗരവംനിറഞ്ഞ, കണ്ണുകൾകൊണ്ട് എന്റെ മുഖം ഉററുനോക്കിക്കിടന്നു. എന്റെ ആവലാതി അവസാനിച്ചപ്പോൾ, അവൾ മരുന്നുക്യാപ്സൂളിൽ നോട്ടം ഉറപ്പിച്ചു. മെല്ലെ അവൾ അതു നക്കാൻ തുടങ്ങി. വിശ്വാസംവരാതെ ഞാൻ നോക്കിനില്ക്കേ, അവൾ അതു കടിച്ചുതിന്നു. അതിനുശേഷം ഞാൻ കൊടുത്ത ഏതു മരുന്നും അവൾ മടികൂടാതെ കഴിക്കുന്നുണ്ട്.'

'പൂച്ചയ്ക്ക് പൊന്നുരുക്കുന്നിടത്ത് എന്തു കാര്യം?' എന്ന് ഇനി മേലിൽ ചോദിക്കരുത്. ഇന്ന് പൊന്നുരുക്കുന്നതു നോക്കിനില്ക്കുന്ന നിങ്ങളുടെ പൂച്ച നാളെ സ്വയം പൊന്നുരുക്കിത്തുടങ്ങുകയില്ലെന്ന് എങ്ങനെ വിശ്വസിക്കാനാണ്?

എന്നാലും ഒരു സംശയം: പൂച്ചയുടെ ബുദ്ധിശക്തിയെപ്പററി 'മാക്കാൾ' മാസികയിൽ പ്രബന്ധം പ്രസിദ്ധപ്പെടുത്തിയ, 'ഹ്യൂമൻ സൊസൈററി'യുടെ 'സയൻറിഫിക് ഡയറക്ടർ' ആയ, മി. മൈക്കൽ ഫോക്സ് ആരാണ്? മനുഷ്യൻതന്നെയോ? അതോ, ആ പേരിന് നിഘണ്ടു നൽകുന്ന അർത്ഥത്തിന് അവകാശപ്പെട്ട മൃഗജാതിയിൽ പിറന്ന ഒരു വ്യക്തിയോ? കൗശലവും ബുദ്ധിശക്തിയും പരമാവധി വികസിച്ച ഒരു മൃഗജാതിയാണല്ലോ അത്. പൂച്ചയ്ക്ക് മനുഷ്യനുമായി ടെലിഫോണിൽ സംഭാഷണം നടത്താമെങ്കിൽ, കുറുക്കന് മനുഷ്യർ നടത്തുന്ന മാസികയിൽ ലേഖനം എഴുതിക്കൂടായ്കയുമില്ല!

29 ഡിസംബർ, 1985